മുദ്രകൾ

# വിഷൻ 2016 പ്രവൃത്തിപഥത്തിലേക്ക്

**"വിഷൻ 2016** സങ്കൽപത്തിൽനിന്ന് പ്രവൃത്തിപഥത്തിലേക്ക് കടന്നിരിക്കുന്നു." ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഉപാധ്യക്ഷൻ പ്രഫ. കെ.എ സിദ്ദീഖ് ഹസന്റേതാണ് ഈ വാക്കുകൾ. പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിന് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ആവിഷ്കരിച്ച ബൃഹത് പദ്ധതിയാണ് വിഷൻ 2016. "ഹ്യൂമൻ വെൽഫെയർ ഫൗണ്ടേഷൻ, സൊസൈറ്റി ഫോർ ബ്രൈറ്റ് ഫ്യൂച്ചർ, മെഡിക്കൽ സർവീസ് സൊസൈറ്റി ഓഫ് ഇന്ത്യ എന്നീ ട്രസ്റ്റുകൾ രൂപവത്കരിക്കുകയും പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. ബജ്നൂർ (യു.പി), മൊഡാസ (ഗുജറാത്ത്), റങ്കാഇ (എം.പി) എന്നിവിടങ്ങളിൽ ഓരോ സ്കൂൾ വീതം അപ്ഗ്രേഡ് ചെയ്തു. ആന്ധ്രയിലെ നെല്ലൂരിൽ ഹെൽത്ത് സെന്റർ പണിതു. ദൽഹിയിൽ 'റിക്ഷാ പ്രോജക്ട്' പൂർത്തിയാക്കി. ബീഹാറിൽ കോസിനദി കരകവിഞ്ഞതിനെ തുടർന്ന് സകലതും നഷ്ടപ്പെട്ടവർക്ക് വീട് നിർമാണം തുടങ്ങി. പശ്ചിമ ബംഗാളിൽ ഒരു വിദ്യാർഥി ഹോസ്റ്റലിന്റെ പണി പൂർത്തിയായി. 500 പി.ജി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകി."

മൂന്നു പതിറ്റാണ്ടുകളായി ചാരിറ്റബ്ൾ സൊസൈറ്റികൾ രൂപവത്കരിച്ചുകൊണ്ട് അശരണർക്ക് സഹായമെത്തിക്കാൻ ഇസ്‌ലാമിക പ്രസ്ഥാനം ജാഗ്രത പുലർത്തിയിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. "ഇനി നാം രണ്ടാം ഘട്ടത്തിലേക്ക് കടക്കണം. അതിന് രണ്ട് മാതൃകകൾ നമുക്ക് സ്വീകരിക്കാം-സഹകരണ വായ്പാ സൊസൈറ്റി (Co-operative Credit Society)യുടെയും സ്വയം സഹായ സംഘ(Self Help Group)ത്തിന്റെയും." ഇക്കാര്യങ്ങളിൽ മാർഗനിർദേശങ്ങൾ നൽകാനായി അർശദ് അജ്മലിന്റെ നേതൃത്വത്തിൽ ഒരു ടാസ്ക് ഫോഴ്സിന് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഒരു ശിൽപശാല ഹൈദരാബാദിൽ ചേരുന്നുണ്ട്.

മെഡിക്കൽ സർവീസ് സൊസൈറ്റി ഓഫ് ഇന്ത്യയുടെ പ്രസിഡന്റ് ഡോ. ത്വാഹാ മത്വീൻ (ബാംഗ്ലൂർ) ആണ്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങുന്ന ഡോ. മോട്ടിലാൽ (ദൽഹി) ആണ് അതിന്റെ ജനറൽ സെക്രട്ടറി. വരുന്ന ആഗസ്റ്റിൽ അതിന്റെ പ്രവർത്തനം ആരംഭിക്കും. ദൽഹിയിൽ ശിഫാ ഹോസ്പിറ്റലിന്റെ പണി തുടങ്ങിക്കഴിഞ്ഞെന്നും ഇതിന്റെ ആദ്യ ബ്ലോക്കിന്റെ ഉദ്ഘാടനം 2010ൽ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും പ്രഫ. കെ.എ സിദ്ദീഖ് ഹസൻ അറിയിച്ചു. ■

# ഇസ്തംബൂൾ യുവജന സമ്മേളനത്തിൽ എസ്.ഐ.ഒവിന് പ്രശംസ

**ജൂലൈ** 15 മുതൽ 17 വരെ ഇസ്തംബൂളിൽ ചേർന്ന യുവജന സമ്മേളനത്തിൽ സ്റ്റുഡന്റ്സ് ഇസ്‌ലാമിക് ഓർഗനൈസേഷന്റെ പ്രവർത്തനങ്ങൾ പ്രത്യേകം ശ്ലാഘിക്കപ്പെട്ടു. ഇന്റർനാഷ്നൽ യൂത്ത് ഫോറത്തിന്റെ നാലാം അന്താരാഷ്ട്ര സമ്മേളനമായിരുന്നു വേദി. 'ലക്ഷ്യം പുതിയൊരു ലോകം' എന്നതായിരുന്നു സമ്മേളന പ്രമേയം. എസ്.ഐ.ഒ അഖിലേന്ത്യാ പ്രസിഡന്റ് കെ.കെ സുഹൈൽ സദസ്യർക്ക് എസ്.ഐ.ഒവിനെ പരിചയപ്പെടുത്തുകയും 'മതേതര രാഷ്ട്രത്തിൽ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം' എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിക്കുകയും ചെയ്തു. തുർക്കിയിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാവ് നജ്മുദ്ദീൻ അർബകാൻ, ഡോ. നുഅ്മാൻ കുർതുൽമസ് (സആദത് പാർട്ടി പ്രസിഡന്റ്), അബൂബക്കർ അബ്ദുൽ ഫതഹ് ('ഇഫ്സോ' സെക്രട്ടറി ജനറൽ), മുസ്ത്വഫ ത്വഹാൻ, റജായി ഖോത്തായി തുടങ്ങിയ നിരവധി പ്രമുഖർ പ്രസംഗിച്ചു. 75 രാഷ്ട്രങ്ങളിൽനിന്നായി 200 പ്രതിനിധികൾ പങ്കെടുത്തു. പുതിയൊരു ലോകത്തിന്റെ നിർമിതിയെ കേന്ദ്രീകരിച്ചായിരുന്നു ചർച്ചകളെല്ലാം. ■




# മനാഹി മുതൽ ജിദ്ദ ഫിലിം ഫെസ്റ്റിവൽ വരെ

**സുഊദി** സാംസ്കാരിക വേദികളിൽ കുറച്ചു കാലമായി സിനിമ ചൂടേറിയ ചർച്ചാ വിഷയമാണ്. സിനിമാ തിയേറ്ററുകൾ ഇല്ലാത്ത നാടാണ് സുഊദി അറേബ്യ. സിനിമാ പ്രദർശനങ്ങളും സാധാരണ നടക്കാറില്ല. മതകാര്യ വകുപ്പ് ഇക്കാര്യത്തിൽ കർശനമായ നിലപാടാണ് സ്വീകരിച്ചുവന്നത്. പക്ഷേ ഇടക്കാലത്ത് ഈ ഔദ്യോഗിക നിലപാടിനെതിരെ ശക്തമായ മറുവാദവും ഉയർന്നുവന്നു. ലോക ക്ലാസിക്കുകൾ കാണാനും പ്രഗത്ഭ സിനിമാ പ്രവർത്തകരുമായി സംവദിക്കാനും അവസരമുണ്ടാക്കണമെന്ന് കലാപ്രേമികൾ മുറവിളി കൂട്ടി. രാജകുടുംബാംഗങ്ങളും ഇതിൽ പക്ഷം ചേർന്നു. ഈ സമ്മർദങ്ങളുടെയൊക്കെ ഫലമായി ജിദ്ദയിൽ ഒരു ഫിലിം ഫെസ്റ്റിവൽ നടത്താൻ തീരുമാനിക്കുകയായിരുന്നു. ആ തീരുമാനമാണ് ഇപ്പോൾ റദ്ദാക്കിയിരിക്കുന്നത്. കാരണം എന്താണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

കഴിഞ്ഞ ഡിസംബറിൽ ജിദ്ദയിൽ ഒരു സുഊദി ഹാസ്യ ചിത്രത്തിന്റെ പ്രദർശനം നടന്നിരുന്നു. 'മനാഹി' എന്നായിരുന്നു സിനിമയുടെ പേര്. തികച്ചും ഗ്രാമീണ (ബദവി) ചുറ്റുപാടിൽ ജനിച്ചു വളർന്ന മനാഹി എന്ന യുവാവ് നഗരത്തിലെത്തുന്നതും നഗരത്തിന്റെ ഭാഷയോ പരിഷ്കാരങ്ങളോ അറിയാതെ വട്ടംചുറ്റുന്നതുമാണ് കഥ. രാജകുടുംബാംഗമായ വലീദ്ബ്നു ത്വലാൽ നിർമാതാവായതുകൊണ്ട് മാത്രമാണ് ഇതിന് പ്രദർശനാനുമതി കിട്ടിയത്. ജനം കൂട്ടത്തോടെ സിനിമ കാണാൻ വന്നതിനാൽ ദിവസം എട്ടു പ്രദർശനങ്ങൾ വരെ നടത്തേണ്ടിവന്നു. മതകാര്യ വകുപ്പിലെ പല പ്രമുഖരും ഇതിനെ ശക്തിയായി എതിർത്തിരുന്നെങ്കിലും കാലക്രമേണ നിയന്ത്രണങ്ങളിൽ അയവ് വരുമെന്നായിരുന്നു ലിബറലുകളുടെ പ്രതീക്ഷ. ജിദ്ദ ഫെസ്റ്റിവൽ റദ്ദാക്കിയതോടെ ആ പ്രതീക്ഷക്ക് മങ്ങലേറ്റിരിക്കുന്നു. ■

മുദ്രകൾ

# അബ്ദുല്ല ബുഖാരിയുടെ മരണത്തിൽ അനുശോചനം

**ന്യൂദൽഹി:** ഇസ്‌ലാമിക പണ്ഡിതനും ദീർഘകാലം ദൽഹി ജുമാമസ്ജിദിൽ ഇമാമുമായിരുന്ന സയ്യിദ് അബ്ദുല്ല ബുഖാരിയുടെ മരണത്തിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അമീർ ജലാലുദ്ദീൻ അൻസർ ഉമരി അഗാധമായ ദുഃഖം രേഖപ്പെടുത്തി. ബുഖാരിയുടെ വേർപാട് വലിയ നഷ്ടമാണ് സമുദായത്തിന് വരുത്തിവെച്ചിരിക്കുന്നത്. സമുദായ സംസ്കരണത്തിനുള്ള ഒരു വേദിയായാണ് പള്ളി മിമ്പറിനെ അദ്ദേഹം കണ്ടത്. ന്യൂനപക്ഷങ്ങളുടെയും മറ്റു മർദിത വിഭാഗങ്ങളുടെയും അവകാശങ്ങൾക്ക് വേണ്ടി അദ്ദേഹം ശബ്ദിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പീഡിപ്പിക്കപ്പെടുന്ന ജനസമൂഹങ്ങളുടെ പ്രശ്നങ്ങളും അദ്ദേഹം ജനശ്രദ്ധയിൽ കൊണ്ടുവന്നു. സൗമ്യ പ്രകൃതനായ ഇമാമിന് മത-രാഷ്ട്രീയ-സാമൂഹിക മേഖലകളിലെ ഉന്നതരുമായി അടുത്ത ബന്ധമുണ്ടായിരുന്നു. പുതിയ തലമുറയുടെ ദീനീ സംസ്കരണം ഇമാമിന്റെ ചുമതലയായി അദ്ദേഹം മനസ്സിലാക്കിയിരുന്നു.



▪ അബ്ദുല്ല ബുഖാരി

2009 ജൂലൈ എട്ടിനാണ് അബ്ദുല്ല ബുഖാരി (87) അന്തരിച്ചത്. 2000ത്തിൽ വാർധക്യ സഹജമായ അവശതകളാൽ അദ്ദേഹം ഇമാം സ്ഥാനം തന്റെ മകൻ സയ്യിദ് അഹ്മദ് ബുഖാരിക്ക് ഏൽപിച്ചു കൊടുത്തിരുന്നു. രാജസ്ഥാനിൽ ജനിച്ച അബ്ദുല്ല ബുഖാരി ദൽഹിയിൽ നിന്നാണ് ഉന്നത വിദ്യാഭ്യാസം നേടിയത്. 1946-ൽ അദ്ദേഹം ജുമാ മസ്ജിദിലെ നാഇബ് ഇമാമായി സ്ഥാനമേറ്റു. 1973ൽ ശാഹി ഇമാമായി. ജുമാ മസ്ജിദിലെ പന്ത്രണ്ടാമത്തെ ഇമാമായിരുന്നു അദ്ദേഹം. ഇന്ത്യൻ രാഷ്ട്രീയ-മത-സാമൂഹിക ജീവിതത്തിലെ നിതാന്ത സാന്നിധ്യമായിരുന്നു അദ്ദേഹം. അടിയന്തരാവസ്ഥ പ്രഖ്യാപിച്ച കോൺഗ്രസിനെതിരെ 1977ൽ അദ്ദേഹം ആഞ്ഞടിച്ചത് ദേശീയ ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. ജമാഅത്തിനെ അകാരണമായി നിരോധിച്ചതിനെയും അദ്ദേഹം എതിർത്തു. പതിനേഴാം നൂറ്റാണ്ടിൽ മുഗൾ ചക്രവർത്തി ഷാജഹാൻ നിർമിച്ചതാണ് ലോക പ്രശസ്തമായ ദൽഹിയിലെ ജുമാമസ്ജിദ്. ■

## ഇന്ത്യയിലെ ഗ്വാണ്ടനാമോകൾ




**ജോർജ്** ബുഷ് എന്ന ക്രൂരനായ അമേരിക്കൻ ഭരണാധികാരി ചരിത്രത്തിൽ പുഛിക്കപ്പെടുക അഫ്ഗാൻ-ഇറാഖ് അധിനിവേശങ്ങളുടെ പേരിൽ മാത്രമായിരിക്കില്ല. ഗ്വാണ്ടനാമോ (ഗിറ്റ്മോ എന്ന് ചുരുക്കപ്പേര്) എന്ന ഭീകര തടവറയും തീരാകളങ്കമായി അയാളുടെ പേരോടൊപ്പം ചേർത്തുവെക്കപ്പെടും. 'ഭീകരതാ വിരുദ്ധ യുദ്ധ'ത്തിൽ പിടിക്കപ്പെടുന്ന അമേരിക്കൻ പൗരനല്ലാത്ത ഏതൊരാളെയും എങ്ങനെയും പീഡിപ്പിച്ച് 'കുറ്റം' ഏറ്റുപറയിക്കാൻ സൈനികർക്ക് അനുവാദം നൽകിയിരുന്നു. രക്തം തണുപ്പിക്കുന്ന, കേട്ടാലറക്കുന്ന പീഡനമുറകളായിരുന്നു പിന്നീടങ്ങോട്ട്. അപരാധിയോ നിരപരാധിയോ എന്ന് നോക്കേണ്ട കാര്യം ജയിലധികൃതർക്ക് ഉണ്ടായിരുന്നില്ല.

ഗ്വാണ്ടനാമോ തടവറ പോലെ ഇന്ത്യയിലും നീതിപീഠത്തിന്റെ കൺവെട്ടത്ത് വരാത്ത രഹസ്യ പീഡനകേന്ദ്രങ്ങളുണ്ടെന്നാണ് *ദ വീക്ക്* എന്ന ഇംഗ്ലീഷ് വാരികയുടെ വെളിപ്പെടുത്തൽ (2009 ജൂലൈ 12). ചുരുങ്ങിയത് ഇത്തരം പതിനഞ്ച് പീഡന കേന്ദ്രങ്ങളെങ്കിലും കണ്ടെത്തിയതായി ലേഖകൻ അവകാശപ്പെടുന്നു. മുംബൈ, ദൽഹി, ഗുജറാത്ത്, ജമ്മുകശ്മീർ എന്നിവിടങ്ങളിൽ മുമ്മൂന്ന് വീതവും കൊൽക്കത്തയിൽ രണ്ടും ആസ്സാമിൽ ഒന്നുമാണുള്ളത്. ഭീകരവാദത്തിന്റെ പേരിൽ പിടിക്കപ്പെട്ട നിരപരാധികളായ മുസ്‌ലിം ചെറുപ്പക്കാരാണ് നിയമം എത്തിനോക്കാത്ത ടോർച്ചർ സെല്ലുകളിൽ നരകിക്കുന്നവരിൽ ബഹുഭൂരിപക്ഷവുമെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. അനുപം ദാസ്ഗുപ്തയുടെ സഹായത്തോടെ സയ്യിദ് നസാകത്താണ് ഈ അന്വേഷണ റിപ്പോർട്ട് തയാറാക്കിയിരിക്കുന്നത്. അടുത്തകാലത്തെ ഏറ്റവും മികച്ച എക്സ്ക്ലൂസീവുകളിലൊന്നാണിത്. ■